

# അമേരിക്കൻ ദാസ്യത്തിന്റെ ഭോപാൽ ഭൂതം

ലേഖനം ● **വി.എം ഹസനുൽ ബന്ന**

**പതിനയ്യായിരം** പേരെ കൊന്നതിന്റെയും അതിന്റെ ഇരട്ടി പേരെ ജീവച്ഛവങ്ങളാക്കിയതിന്റെയും പാപക്കറയിൽ നിന്ന് ഭോപാലിലെ യൂനിയൻ കാർബൈഡ്സിനെ മാമോദീസ മുക്കി 'ഡൗ' കെമിക്കൽസാക്കി പതിറ്റാണ്ട് മുമ്പ് പ്രതിഷ്ഠിച്ച കേന്ദ്ര ആഭ്യന്തര മന്ത്രി പി. ചിദംബരം തന്റെ പുതിയ നിയോഗമേറ്റെടുത്ത് ഭോപാൽ ദുരന്ത വിധിയുടെ തുടർ നടപടികൾക്കുള്ള മന്ത്രിതല സമിതിയുടെ റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിച്ചിരിക്കുന്നു.

മരിച്ചവരുടെ ആശ്രിതർക്ക് പത്തു ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റ് അംഗവൈകല്യം ബാധിച്ചവർക്ക് അഞ്ചു ലക്ഷം രൂപയും സാരമായി പരിക്കേറ്റവർക്ക് മൂന്നു ലക്ഷം രൂപയും വീതം നഷ്ടപരിഹാരം അനുവദിക്കാനാണ് ചിദംബരത്തിന്റെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ചിരിക്കുന്ന ശിപാർശ. 1300 കോടിയോളം രൂപ കേന്ദ്ര സർക്കാറിന് ബാധ്യത വരുത്തുന്ന മന്ത്രിതലസമിതിയുടെ ശിപാർശകൾ കോൺഗ്രസ്സിനെ പുനർവിചാരത്തിന് പ്രേരിപ്പിച്ചുവെന്ന് ഒറ്റ നോട്ടത്തിൽ തോന്നിക്കാൻ പര്യാപ്തം. എന്നാൽ സർക്കാറിന്റെ രേഖകളിൽ 'ഇരകളാ'കാത്ത ആയിരങ്ങൾ ഈ സാമ്പത്തികസഹായത്തിന്റെ പട്ടികക്ക് പുറത്താണെന്നത് മന്ത്രിതലസമിതി സൗകര്യപൂർവം വിസ്മരി

ച്ചിരിക്കുന്നു.

ഭോപാലിലെ നീതിക്ക് കണ്ണില്ലെന്നതിന്റെ തെളിവാണ് വിഷവാതകം കണ്ണുകളിലേക്ക് പടർന്ന് അന്ധയായ ബിമലയുടെ കഥ. നവവധുവായി ഭോപാലിലെത്തിയ ബിമല ആരെങ്കിലും സർവേ നടത്തുന്നതോ കണക്കെടുക്കുന്നതോ കാത്തുനിൽക്കാതെ എല്ലാം ഇട്ടെറിഞ്ഞ് ഓടിയതാണ്. കാഴ്ചയില്ലാതായ ബിമലയുടെ ഭർത്താവ് മരിച്ചു. ദുരന്തത്തിന് ശേഷം ജനിച്ച മകന്റെ ദഹനേന്ദ്രിയങ്ങൾ ശരിയായി പ്രവർത്തിക്കുന്നില്ല. എട്ടു വർഷത്തിന് ശേഷം സ്വന്തം മണ്ണിലേക്ക് മടങ്ങിയ അവർ ഇന്നും ഭോപാൽ ദുരന്തത്തിന്റെ ഇരയായി പരിഗണിക്കപ്പെടുന്നില്ല. "അവരെന്നോട് തെളിവ് ചോദിക്കുന്നു. എന്ത് തെളിവാണ് എനിക്ക് നൽകാൻ കഴിയുക?" ബിമല ചോദിക്കുന്നു. ബിമലക്ക് ആകെ കിട്ടുന്നത് വിധവാ പെൻഷനെന്ന നിലയിൽ 150 രൂപ മാത്രം. ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വിപുലമായ സർവേയിൽ നിന്ന് പോലും വിട്ടുപോയവർ നിരവധിയാണ്. ദുരന്തത്തിന്റെ ഭീതിയിൽ എല്ലാം ഇട്ടെറിഞ്ഞ് ഓടിപ്പോയി തങ്ങളുടെ ബന്ധുവീടുകളിലും മറ്റുമായി കഴിഞ്ഞുകൂടിയവരാണിവർ.

വിഷമാലിന്യം നീക്കം ചെയ്യാൻ 300 കോടി രൂപ മധ്യപ്രദേശ് സർക്കാറിന് നൽകാനും മന്ത്രിതല സമിതി നിർദേശിച്ചിട്ടുണ്ട്. കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടും ഭോപാൽ ദുരന്തത്തിന് കാരണമായ വിഷമാലിന്യങ്ങൾ നീക്കം ചെയ്യാനാകാത്തവർ വികസിത രാജ്യങ്ങൾക്ക് പോലും ഭാരമായിത്തീർന്ന ആണവമാലിന്യങ്ങൾ എങ്ങനെ നീക്കം ചെയ്യുമെന്ന് ഇപ്പോൾ ചോദ്യമുയർത്തിയപ്പോഴാണ് ഈ ഔദാര്യം.

ഭോപാൽ മന്ത്രിതല സമിതിയുടെ യോഗത്തിന് മുന്നോടിയായി ഇരകൾ അവർക്കൊരു കത്തയച്ചിരുന്നു. ആ കത്തിൽ ആൻഡേഴ്സണെ വിചാരണക്ക് വിട്ടുകിട്ടുന്ന നടപടികൾക്കായി സി.ബി.ഐയുടെ സ്പെഷ്യൽ പ്രോസിക്യൂഷൻ രൂപവൽക്കരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യത്തോട് മൂർത്തമായി പ്രതികരിക്കാൻ തയാറാകാതിരുന്ന മന്ത്രിതല സമിതി ആൻഡേഴ്സണെ നിയമനടപടിക്ക് വിധേയമാക്കാനുള്ള നീക്കം ത്വരിതപ്പെടുത്തണമെന്നാണ് ശിപാർശ ചെയ്തത്. അല്ലെങ്കിലും ഭോപാൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തങ്ങളുടെ അമേരിക്കൻ ദാസ്യത്തിൽ ഒരു വീണ്ടുവിചാരത്തിന് കോൺഗ്രസ് നിർബന്ധിതമാകുമെന്ന് പ്രതീക്ഷിക്കുന്നതിൽ അർഥമില്ല.

ശ്രദ്ധേയമായ മറ്റൊരു നിർദേശവും സമിതി പ്രധാനമന്ത്രിക്ക് മുമ്പാകെ വെച്ചു. ഭോപാൽ ദുരന്തത്തിന്റെ തീവ്രത വരും തലമുറയെ ബോധ്യപ്പെടുത്താൻ ദുരന്തം സൃഷ്ടിച്ച യൂനിയൻ കാർബൈഡ് കമ്പനി പരിസരം സ്മൃതി മണ്ഡപമാക്കി മാറ്റണമെന്നാണ് മന്ത്രിതല സമിതിയുടെ നിർദേശം. ഭോപാൽ ദുരന്തത്തിന്റെയും വിധിയുടെയും എല്ലാ തലങ്ങളെയും സ്പർശിക്കുമെന്ന തങ്ങളുടെ വാഗ്ദാനം നടപ്പാക്കുന്നതിനാണ് ഈ നിർദേശം കൂടി മന്ത്രിതല സമിതി സമർപ്പിച്ചിരിക്കുന്നത് എന്ന് ധരിച്ചവർക്ക് തെറ്റി. സന്ദർഭത്തിന്റെ തേട്ടം ഉൾക്കൊണ്ട് ജനരോഷം തണുപ്പിക്കാനും വഴിതിരിച്ചുവിടാനുമുള്ള കോൺഗ്രസ്സിന്റെയും യു.പി.എയുടെയും അടവ് മാത്രമാണിത്.

യഥാർഥത്തിൽ ഭരണകൂടത്തിന്റെ കോർപറേറ്റ് ദുരയുടെയും സാമ്രാജ്യത്വ ദാസ്യത്തിന്റെയും സ്മൃതി അടയാളമായി സ്വയം നിവർന്നുനിൽക്കുന്ന ഭോപാലിൽ ഇത്തരമൊരു സ്മൃതി മണ്ഡപത്തിന്റെ ആവശ്യമില്ല. വ്യവസായ താൽപര്യങ്ങൾക്കപ്പുറത്ത് ശാസ്ത്ര സാങ്കേതിക മേഖലകളിലും പ്രതിരോധ സൈനിക തലങ്ങളിലും അമേരിക്കൻ ഭക്തി തുടരുന്ന കോൺഗ്രസ്സിന്റെയും സഖ്യകക്ഷികളുടെയും പാർട്ടി ഓഫീസുകൾക്ക് മുന്നിലാണ് ഈ സ്മൃതി മണ്ഡപമുയർത്തേണ്ടത്. ഇപ്പോൾ നുരഞ്ഞുപൊങ്ങിയ പ്രതിഷേധങ്ങളത്രയും തൽക്കാലത്തേക്കെങ്കിലും ശമിപ്പിച്ചുനിർത്താനുള്ള ഉപായമാണ് കോൺഗ്രസ് തേടുന്നത് എന്നതിന്റെ ഒന്നാന്തരം ഉദാഹരണമാണ് ഈ നിർദേശം.

തീരാത്ത കൊടും വഞ്ചനയുടെ ഭോപാൽ ദുർഭൂതം കാൽ നൂറ്റാണ്ട് പിന്നിട്ടപ്പോഴാണ് കോൺഗ്രസ്സിനെ ശരിക്കും വേട്ടയാടുന്നത്. 'ആം ആദ്മി'യുടെ പേരിൽ അധികാരത്തിലെത്തിയ പാർട്ടിയുടെ അമേരിക്കൻ കോർപറേറ്റ് ദാസ്യത്തിന്റെ ഭീകരമായ വെളിപ്പെടുത്തലുകളാണ് ഭോപാൽ വിധിയെ തുടർന്ന് പുറത്ത് വന്നത്. യൂനിയൻ കാർബൈഡ് കമ്പനിയിൽ നിന്ന് ചോർന്ന് പതുക്കെ രാജ്യമൊട്ടുക്കും വ്യാപിച്ചിരിക്കുകയാണ് ഭോപാൽ ഭൂതമെന്ന് കോൺഗ്രസ് തിരിച്ചറിഞ്ഞിരിക്കുന്നു.

രാജ്യത്തെ ഏറ്റവും വലിയ വ്യവസായ ദുരന്തമെന്ന് മാധ്യമങ്ങൾ മൃദുവായി വിശേഷിപ്പിക്കുന്ന ഭോപാൽ ദുരന്തം കോൺഗ്രസ്സിന്റെ അമേരിക്കൻ ദാസ്യത്തിന് രാജ്യം നൽകിയ വലിയ വിലയാണ്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ അമേരിക്കൻ സാമ്രാജ്യത്തിന്റെ ആലയിൽ കൊണ്ടുപോയി

കെട്ടിയ മുൻ പ്രധാനമന്ത്രി നരസിംഹ റാവുവാണ് യൂനിയൻ കാർബൈഡ് കമ്പനിയുടെ മേധാവിയെ രാജ്യത്ത് നിന്ന് രക്ഷപ്പടാൻ സഹായിച്ച മൂവരിലൊരാൾ. ആൻഡേഴ്സണെ രക്ഷപ്പെടുത്തിയ അന്നത്തെ ആഭ്യന്തര മന്ത്രി നരസിംഹറാവു ഇന്ത്യൻ രാഷ്ട്രീയത്തിന് സംഭാവന ചെയ്ത അമേരിക്കൻ ദാസനാണ് മൻമോഹൻ സിംഗ്.




അന്നത്തെ ആഭ്യന്തര മന്ത്രിയിൽ നിന്ന് ഇന്നത്തെ ആഭ്യന്തര മന്ത്രി പി. ചിദംബരത്തിലേക്കുള്ള ദൂരം കൂടി ഇതിനോട് ചേർത്തു വായിക്കുക. മുതലാളിത്ത സാമ്പത്തിക നയങ്ങളുടെ വിശാരദനെന്നും അറിയപ്പെടുന്ന അഭിഭാഷകനെന്നും കോൺഗ്രസ്സും മുതലാളിത്ത മാധ്യമങ്ങളും പരിചയപ്പെടുത്തുന്ന ചിദംബരം കേന്ദ്ര ആഭ്യന്തര മന്ത്രിപദത്തിലെത്തിയത് നിരവധി ആൻഡേഴ്സൺമാർ നേരിടുന്ന ആഭ്യന്തര ഭീഷണി ഉന്മൂലനം ചെയ്യാൻ വേണ്ടിയാണ്. ഭോപാലിലെ ചീഞ്ഞുനാറുന്ന ഓരോ ശവക്കുഴിയും തോണ്ടുന്ന ദേശീയ മാധ്യമങ്ങൾ അഭിനവ ആൻഡേഴ്സൺമാർക്ക് അരങ്ങൊരുക്കാൻ ചിദംബരം നടത്തുന്ന കളികൾ അവഗണിക്കുന്നതിന്റെ യുക്തിയും കോൺഗ്രസ്സിൽ നിന്ന് കടമെടുത്തതാണ്. ഇവരിരുവരും വാഴ്കേ തങ്ങളുടെ അമേരിക്കൻ ദാസ്യത്തിൽ കോൺഗ്രസ് തെറ്റുതിരുത്തുമെന്ന് പ്രതീക്ഷിക്കുന്നത് എന്ത് മാത്രം മൗഢ്യമാണ്?

രാജ്യത്തെ കോർപറേറ്റുകൾക്കും ഖനിരാജാക്കന്മാർക്കും വേണ്ടി വനാവകാശ നിയമം ലംഘിച്ച് ആദിവാസികളെ കുടിയിറക്കാൻ നക്സൽ വേട്ടക്ക് ചിദംബരം–ബി.ജെ.പി–സി.പി.എം അച്ചുതണ്ട് മണ്ണൊരുക്കുന്നതിനിടെയാണ് ഭോപാൽ ഭൂതം കോടതിവിധിയിലൂടെ കുടം തുറന്ന് പുറത്തുവന്നത്. യൂനിയൻ കാർബൈഡിനെയും വാറൻ ആൻഡേഴ്സണെയും രക്ഷിക്കാൻ ശ്രമിച്ചതിന്റെ പേരിൽ കോൺഗ്രസ്സിനെ ആക്ഷേപിക്കുന്ന ബി.ജെ.പിയുടെയും സി.പി.എമ്മിന്റെയും ചാരിത്ര്യപ്രസംഗത്തിന് ചിദംബരത്തിന്റെ കാര്യത്തിലെത്തുമ്പോൾ ഇമ്പം നഷ്ടപ്പെടുന്നതും അതുകൊണ്ടാണ്. ഭോപാലിലെ ഇരകൾക്ക് വേണ്ടി വലിയ വായിൽ സംസാരിക്കുന്ന ബി.ജെ.പിയും സി.പി.എമ്മും വേട്ടക്കാർ തങ്ങളുടെ പക്ഷത്താകുമ്പോഴും ഇരകൾ തങ്ങളുടെ ശത്രുപക്ഷത്താകുമ്പോഴും സ്വീകരിക്കുന്ന നിലപാടിന്റെ വിരുദ്ധോക്തി തെളിയിക്കാനും ഭോപാൽ വിധി ഒരു സന്ദർഭമായി. ■